ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 23.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കാർഷിക മേഖല, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽ എന്നിവയ്ക്ക് പ്രാധാന്യം നൽകി 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ചു.

   **Finance Minister Nirmala Sitharaman presented the Union Budget for the financial year 2024-25 with emphasis on agriculture sector, infrastructure development and employment.**

2. ബജറ്റിൽ കർഷകർ, പാവപ്പെട്ടവർ, വനിതകൾ, യുവജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് പ്രാധാന്യം ; തൊഴിൽ, നൈപുണ്യവികസനം, എംഎസ്എംഇ, മധ്യവർഗ്ഗ ക്ഷേമം എന്നിവയ്ക്കും ഊന്നൽ.

   **Importance of farmers, poor, women and youth in the budget; Emphasis is also placed on employment, skill development, MSME and middle class welfare**

3. പി എം ആവാസ് യോജനയിലൂടെ മൂന്ന് കോടി വീടുകൾ കൂടി നിർമ്മിക്കും ; ഗ്രാമീണ വികസനത്തിന് 2.66 ലക്ഷം കോടി രൂപ വകയിരുത്തി ; പുതിയ രീതിയിലുള്ള ആദായ നികുതി നിർണയ സമ്പ്രദായത്തിനു കീഴിൽ കൂടുതൽ ഇളവുകളും പ്രഖ്യാപിച്ചു.

**Three crore more houses will be constructed through PM Awas Yojana; 2.66 lakh crore rupees allocated for rural development; More exemptions have also been announced under the new income tax assessment system.**

4. **വികസിത ഭാരതത്തിനു വേണ്ടിയുള്ളതാണ് ഈ സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; ബജറ്റ് നിരാശപ്പെടുത്തുന്നതെന്നും വരുമാന അസമത്വം പരിഹരിക്കുന്നില്ലെന്നും വിമർശിച്ച് പ്രതിപക്ഷം.**

**Prime Minister Narendra Modi said that the central budget of this financial year is for a developed India; The opposition criticized the budget as disappointing and not addressing income inequality**

5. **നീറ്റ് -യുജി പരീക്ഷ റദ്ദാക്കണമെന്ന ഹർജികൾ സുപ്രീം കോടതി തള്ളി ; വ്യാപക ക്രമക്കേട് നടന്നതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് കോടതി.**

**Supreme Court rejects pleas seeking cancellation of NEET-UG exam; The court found that there was no widespread irregularity**

6. **ഏഷ്യാകപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റിൽ നേപ്പാളിനെതിരെ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു.**

**India won the toss and elected to bat against Nepal in Asia Cup Women's Twenty20**

*****************************************

## BUDGET GENERAL

കാർഷിക മേഖല, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽ എന്നിവയ്ക്ക് പ്രത്യേക പാധാന്യം നൽകിക്കൊണ്ട് 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ചു. ആഗോള സമ്പദ് രംഗം അനിശ്ചിതാവസ്ഥ നേരിടുന്നതിനിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ തിളക്കത്തോടെ വളർച്ച തുടർന്നതായി ധനമന്ത്രി പാർലമെൻറിൽ

പറഞ്ഞു. കർഷകർ, പാവപ്പെട്ടവർ, വനിതകൾ, യുവജനങ്ങൾ എന്നീ നാല് വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് കേന്ദ്ര ബജറ്റ്. വനിതാ സ്വയം സഹായ സംരംഭങ്ങൾക്കുള്ള വിപണി പ്രവേശം പ്രോത്സാഹിപ്പിക്കും. തൊഴിൽ, നൈപുണ്യവികസനം, എംഎസ്എംഇ, മധ്യവർഗ്ഗ ക്ഷേമം എന്നിവയ്ക്കും ബജറ്റ് ഊന്നൽ നൽകുന്നു. കാർഷികോത്പാദനം, തൊഴിൽ, നൈപുണ്യവികസനം, നിർമാണ-സേവന മേഖലകൾ, അടിസ്ഥാനസൗകര്യ വികസനം, മാനവ ശേഷി വികസനം, സാമൂഹിക നീതി, ഊർജ്ജ സുരക്ഷ തുടങ്ങി 9 മേഖലകൾ കേന്ദ്രീകരിച്ചാവും സർക്കാരിൻറെ പ്രവർത്തനമെന്നും ബജറ്റിൽ വ്യക്തമാക്കുന്നു.

****************************************

## BUDGET – EMPLOYMENT, SKILL –

രാജ്യത്തെ യുവജനങ്ങളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അതീവ പ്രാധാന്യമാണ് കേന്ദ്രബജറ്റിൽ നൽകിയിരിക്കുന്നത്. 4.1 കോടി യുവജനങ്ങൾക്ക് തൊഴിലും, നൈപുണ്യ വികസനവും ഉറപ്പുവരുത്താൻ പ്രധാനമന്ത്രിയുടെ പ്രത്യേക പാക്കേജിൻറെ ഭാഗമായി 2 ലക്ഷം കോടി രൂപയുടെ 5 പദ്ധതികളും ബജറ്റിൽ പ്രഖ്യാപിച്ചു. വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമായി 1.48 ലക്ഷം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

( വോയ്സ്.)

തൊഴിൽ അനുബന്ധ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രധാനമന്ത്രിയുടെ പാക്കേജിലൂടെ മൂന്ന് പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചു. പുതിയതായി തൊഴിൽസേനയുടെ ഭാഗമാകുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളും കേന്ദ്രം ഉറപ്പുനൽകുന്നു. മുദ്രാ ലോൺ പരിധി 20 ലക്ഷമാക്കി ഉയർത്തുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു.

****************************************

## BUDGET – INFRASTRUCTURE

അടിസ്ഥാന സൗകര്യ വികസനത്തിന് 11 ലക്ഷത്തി 11,111 കോടി രൂപ മൂലധന നിക്ഷേപം കേന്ദ്രം വകയിരുത്തി. ഇത് മൊത്ത ആഭ്യന്തര ഉത്പാദനത്തിൻറെ 3.4 ശതമാനമാണ്. സംസ്ഥാനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകുന്ന ദീർഘകാല പലിശ രഹിത വായ്പ തുടരുമെന്നും ധനമന്ത്രി അറിയിച്ചു. 1.5 ലക്ഷം കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനങ്ങൾക്ക് വകയിരുത്തി. ദേശീയ വ്യാവസായിക വികസന ഇടനാഴി പദ്ധതിക്ക് കീഴിൽ 12 വ്യാവസായിക പാർക്കുകൾ ആരംഭിക്കും. 100 നഗരങ്ങളിൽ വ്യാവസായിക പാർക്കുകൾ വികസിപ്പിക്കും. പി എം ആവാസ് യോജനയിലൂടെ മൂന്ന് കോടി വീടുകൾ കൂടി നിർമ്മിച്ചു നൽകും. 2.66 ലക്ഷം കോടി രൂപ ഗ്രാമീണ വികസനത്തിന് വകയിരുത്തി. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന പദ്ധതിയുടെ നാലാം ഘട്ടത്തിലൂടെ 25,000 ഗ്രാമീണ റോഡുകൾ നവീകരിക്കുമെന്നും ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

************************************

## BUDGET – FARMERS

പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന 5 വർഷത്തേക്ക് കൂടി നീട്ടിയതായും 80 കോടി ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിച്ചതായും ധനമന്ത്രി നിർമല സീതാരാമൻ അറിയിച്ചു. കൃഷി, കാർഷിക അനുബന്ധ മേഖലകൾക്കായി 1.52 ലക്ഷം കോടി രൂപയും ബജറ്റിൽ വകയിരുത്തി. കാലാവസ്ഥാ വെല്ലുവിളികളെ അതിജീവിക്കുന്ന 109 ഇനം കാർഷിക വിളകൾ പുറത്തിറക്കുമെന്നും ധനമന്ത്രി അറിയിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രത്യേക പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്.

************************************

## NIRMALA–NPS… INTRO

പുതിയ രീതിയിലുള്ള ആദായ നികുതി നിർണയ സമ്പ്രദായത്തിനു കീഴിൽ കൂടുതൽ ഇളവുകളും ധനമന്ത്രി പ്രഖ്യാപിച്ചു. പുതിയ സംവിധാനത്തിനു കീഴിലെ ആദായ സ്ലാബുകളും പരിഷ്കരിച്ചിട്ടുണ്ട്. പെൻഷൻകാർക്കുള്ള കുടുംബ പെൻഷൻറെ നികുതിയിളവ് 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തി. പുതിയ പെൻഷൻ പദ്ധതി എൻപിഎസിലേക്ക് തൊഴിലുടമകൾ ചെലവിടുന്നത് ജീവനക്കാരുടെ ശമ്പളത്തിൻ്റെ 10 ശതമാനമെന്നത് 14 ആക്കി വർധിപ്പിച്ചു.

( വോയ്സ്…)

**********************************

## BUDGET – FISCAL DEFICIT

ബജറ്റിലൂടെ 32.07 ലക്ഷം കോടിയുടെ വായ്പേതര വരുമാനമാണ് കേന്ദ്രസർക്കാർ പ്രതീക്ഷിക്കുന്നത്. 48.2 ലക്ഷം കോടി രൂപയാണ് മൊത്തം ചെലവ്. നികുതി വരുമാനം 25.83 ലക്ഷം കോടി രൂപ പ്രതീക്ഷിക്കുന്നു. ധനക്കമ്മി ജി.ഡി.പിയുടെ 4.9 ശതമാനമാണ് കണക്കാക്കുന്നത്. അടുത്ത വർഷം ധനക്കമ്മി 4.5 ശതമാനം ആക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും ധനമന്ത്രി പറഞ്ഞു.

**********************************

## SPECIAL PROGRAMME

കേന്ദ്ര ബജറ്റിനെ അടിസ്ഥാനമാക്കി ആകാശവാണി തിരുവനന്തപുരം പ്രദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി രാത്രി 8 മണിക്ക് പ്രക്ഷേപണം ചെയ്യുന്നതാണ്.

**********************************

## BUDGET … INTRO

പുതിയ രീതിയിലുള്ള ആദായ നികുതി നിർണയ സമ്പ്രദായത്തിനു കീഴിൽ കൂടുതൽ ഇളവുകൾ കേന്ദ്ര ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നതിനിടെ ധനമന്ത്രി ശ്രീമതി നിർമല സീതാരാമൻ പ്രഖ്യാപിച്ചു. പുതിയ സംവിധാനത്തിനു കീഴിലെ ആദായ സ്ലാബുകളും പരിഷ്കരിച്ചിട്ടുണ്ട്. വിശദംശങ്ങളിലേക്ക്......

(വോയ്സ് )

ടി ഡി എസ് സംവിധാനം ലളിതമാകും. കോർപറേറ്റ് നികുതി കുറച്ചു. ആദായ നികുതി ഇളവിനുള്ള പരിധി 75,000 രൂപയാക്കി.മൂന്ന് ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് നികുതിയില്ല.. മൂന്ന് മുതൽ ഏഴു ലക്ഷം വരെ 5 ശതമാനം നികുതി. 7 മുതൽ 10 ലക്ഷം വരെ 10 ശതമാനം നികുതി. 10 മുതൽ 12 ലക്ഷം വരെ 15 ശതമാനവും 12 മുതൽ 15 ലക്ഷം വരെ 20 ശതമാനവുമാണ് നികുതി. 15 ലക്ഷത്തിന് മുകളിൽ 30 ശതമാനം നികുതി . ആദായ നികുതി നിയമത്തിൽ സമഗ്ര പരിഷ്കരണം വരുത്തുമെന്നും ധനമന്ത്രി അറിയിച്ചു. ആദായ നികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടികൾ സ്വീകരിക്കില്ല. വിദേശ സ്ഥാപനങ്ങൾക്കുള്ള കോർപ്പറേറ്റ് നികുതി 35 ശതമാനമാക്കി കുറച്ചു. എല്ലാ വിഭാഗം നിക്ഷേപകർക്കുമുള്ള ഏഞ്ചൽ ടാക്സ് നിർത്തലാക്കുമെന്നും ധനമന്ത്രി അറിയിച്ചു.1961-ലെ ആദായനികുതി നിയമം സംക്ഷിപ്തവും വ്യക്തവുമാക്കുന്നതിനായി ആറ് മാസത്തിനുള്ളിൽ സമഗ്രമായ അവലോകനം കേന്ദ്ര മന്ത്രി പ്രഖ്യാപിച്ചു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ എല്ലാ സേവനങ്ങളും ഡിജിറ്റൽ രൂപത്തിലാക്കുകയും കടലാസ്രഹിതമാക്കുകയും ചെയ്യുമെന്ന് ശ്രീമതി സീതാരാമൻ പ്രഖ്യാപിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി

***********************************

**NEET**

നീറ്റ് - യു ജി പരീക്ഷ റദ്ദാക്കണമെന്ന ഹർജികൾ സുപ്രീം കോടതി തള്ളി. വ്യാപക ക്രമക്കേട് നടന്നതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് കാണിച്ചാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഹർജികൾ തള്ളിയത്. പരീക്ഷ റദ്ദാക്കുന്നത് ന്യായമല്ല. ഹസാരിബാഗിലും പട്നയിലും ക്രമക്കേട് നടന്നു എന്നത് സത്യമാണ്. എന്നാൽ വ്യാപകമായ ക്രമക്കേട് കണ്ടെത്താനായിട്ടില്ല. പുനഃപരീക്ഷ ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം. പരീക്ഷ റദ്ദാക്കിയാൽ അത് 23 ലക്ഷം വിദ്യാർത്ഥികളെ ബാധിക്കുമെന്നും ജസ്റ്റിസ് ജെ ബി പർഡിവാല, മനോജ് മിശ്ര എന്നിവരുൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു.

************************************

## TWENTY-20 CRICKET

ഏഷ്യാകപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റിൽ നേപ്പാളിനെതിരെ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 7.3 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 50 റൺസ് എടുത്തു. ശ്രീലങ്കയിലെ ദാംബുള്ളയിലാണ് മത്സരം.

************************************

## PM- BUDGET REAX.

വികസിത ഭാരതത്തിനു വേണ്ടിയുള്ളതാണ് ഈ സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാവിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള രാജ്യവികസനമാണ് ബജറ്റ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം വീഡിയോ സന്ദേശത്തിൽ പറഞ്ഞു . തൊഴിൽ, ഊർജ്ജ മേഖലകളിൽ പുതിയ അവസരങ്ങളാണ് ബജറ്റിലുള്ളത് . എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് സ്കീമിലൂടെ രാജ്യത്ത് കോടിക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ശ്രീ മോദി പറഞ്ഞു.

**********************************

## OPPOSITION BUDGET- REAX

ബജറ്റ് നിരാശപെടുത്തുന്നതെന്നും വരുമാന അസമത്വം പരിഹരിക്കുന്നില്ലെന്നും വിമർശിച്ച് കോൺഗ്രസ് . സഖ്യകക്ഷികളെ തൃപ്തിപ്പെടുത്തുന്നതും സാധാരണക്കാർക്ക് ആശ്വാസം നൽകാത്തതുമായ ബജറ്റെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പ്രതികരിച്ചു. പൊതു സമൂഹത്തെ അവഗണിക്കുന്ന ബജറ്റെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ അഭിപ്രായപ്പെട്ടു. ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ ബജറ്റിൽ പരാമർശിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, ശിവസേന (യുബിടി) നേതാവ് പ്രിയങ്ക ചതുർവേദി,ഡിഎംകെ നേതാവ് ടിആർ ബാലു, ടിഎംസി നേതാവ് കല്യാൺ ബാനർജി തുടങ്ങിയവരും ബജറ്റിനെ വിമർശിച്ചു.

**********************************

## REV. FM- BILLS

കേന്ദ്രബജറ്റ് അവതരണത്തിന് ശേഷം ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ ധനബില്ലും 2024-25 കാലയളവിലേക്ക് ജമ്മുകാശ്മീരിൻറെ വരവ് ചെലവ് നിർണയ സ്റ്റേറ്റ് മെൻറും അവതരിപ്പിച്ചു. രാജ്യസഭയിലും ധനമന്ത്രി കേന്ദ്രബജറ്റിൻറെ പകർപ്പ് മേശപ്പുറത്തു വച്ചു. ജമ്മുകാശ്മീരിൻറെ വരവ് ചെലവ് നിർണയ സ്റ്റേറ്റ് മെൻറും അവതരിപ്പിച്ചു.

**********************************

## BUDGET REAX - KERALA

സംസ്ഥാനങ്ങൾക്കിടയിൽ വിവേചനപരമായ സമീപനം കൈക്കൊള്ളുന്ന ബജറ്റാണ്കേന്ദ്ര ധനമന്ത്രി അവതരിപ്പിച്ചതെന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ. ബജറ്റിൽ കേരളം എന്ന വാക്ക് ഉച്ചരിക്കാൻ പോലും ധനമന്ത്രി തയ്യാറാകാതിരുന്നത് പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

***********************************

## KARNATAKA – SEARCH

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള 8-◌ാ◌ം ദിവസത്തെ തിരച്ചിലും വിഫലം. കാലാവസ്ഥ മോശമായതിനെ തുടർന്ന് തിരച്ചിലിനുള്ള ബോറിങ് യന്ത്രം എത്തിക്കുന്നത് വൈകുന്നതായി കാർവാർ എം.എൽഎ സതീഷ് കൃഷ്ണ സേൽ അറിയിച്ചു. നാളെ രാവിലെയൊടെ ബോറിങ് യന്ത്രം എത്തിച്ച് നദിക്കരയിൽ തിരച്ചിൽ പുനരാരംഭിക്കും.

******************************************************************************************************************************

********************